# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-4992 06.02.2014-ൽ മറുപടി നൽകേണ്ടത്

### സിവിൽ - ക്രിമിനൽ കോടതികളുടെ സംയോജനം - ജീവനക്കാരുടെ പ്രൊമോഷൻ റേഷ്യോയിലെ അപാകത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ.ബാലൻ | ശ്രീ. ഉമ്മൻചാണ്ടി<br>ബഹു. മുഖ്യമന്ത്രി. |
| (എ) സംസ്ഥാനത്തെ സിവിൽ – ക്രിമിനൽ കോടതികളുടെ സംയോജനത്തെ തുടർന്ന് കോടതി ജീവനക്കാരുടെ പ്രൊമോഷനുകളിൽ അപാകത ഉള്ളതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സംസ്ഥാനത്തെ സിവിൽ – ക്രിമിനൽ കോടതികൾ സംയോജിപ്പിച്ചിട്ടില്ല. |
| (ബി) ജീവനക്കാരുടെ പ്രൊമോഷന് 1:1 എന്ന റേഷ്യോ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ക്രിമിനൽ കോടതിയിലേതിനെക്കാൾ ജീവനക്കാർ സിവിൽ കോടതിയിലുള്ളതിനാൽ സിവിൽ കോടതി ജീവനക്കാർ പിന്തള്ളപ്പെടുന്ന സാഹചര്യം ഉണ്ടാകുമോ; എങ്കിൽ ഈ റേഷ്യോയിൽ മാറ്റം വരുത്താൻ നടപടി സ്വീകരിക്കുമോ; | (ബി) റേഷ്യോ നിശ്ചയിച്ചിട്ടില്ല. |
| (സി) മുൻസിഫ്/മജിസ്ട്രേറ്റുമാരുടെ പ്രൊമോഷനുള്ള റേഷ്യോ 3:1 ആയി നിശ്ചയിച്ചിട്ടുണ്ടോ; | (സി) മുൻസിഫ്/മജിസ്ട്രേറ്റുമാരുടെ പ്രൊമോഷനുളള റേഷ്യോ നിശ്ചയിച്ചിട്ടില്ല. |
| (ഡി) എന്തുകൊണ്ടാണ് ജീവനക്കാർക്കും, മുൻസിഫ് മജിസ്ട്രേറ്റ്മാർക്കും ഇപ്രകാരം രണ്ടുതരത്തിൽ പ്രൊമോഷൻ റേഷ്യോ നിശ്ചയിച്ചിട്ടുള്ളത്; ഈ അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) ബാധകമല്ല. |

*(തുടർച്ച... പുറം-2)*

(ഇ) സിവിൽ - ക്രിമിനൽ കോടതി സംയോജനത്തെത്തുടർന്ന് ജീവനക്കാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ സർവ്വീസ് സംഘടനകളുടെ യോഗം വിളിച്ചിരുന്നുവോ; ഇല്ലെങ്കിൽ സർവ്വീസ് സംഘടനകളുടെ യോഗം വിളിച്ച് വിഷയം ചർച്ച ചെയ്യാൻ നടപടി സ്വീകരിക്കുമോ?

(ഇ) സിവിൽ - ക്രിമിനൽ കോടതി സംയോജനവുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ പ്രശ്നങ്ങൾ സർവ്വീസ് സംഘടനകളുമായി സർക്കാർ ചർച്ച ചെയ്തിട്ടില്ല. സംയോജനത്തിന് മുന്നോടിയായി ബന്ധപ്പെട്ട സർവ്വീസ് ചട്ടങ്ങൾ പുതുക്കേണ്ടതുണ്ട്. സർവ്വീസ് ചട്ടങ്ങൾ ഭേദഗതി വരുത്തുന്നതിനുള്ള നിയമാവലി പ്രകാരം കരട് ചട്ടങ്ങൾ സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്തു മാത്രമേ അന്തിമരൂപത്തിലാക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ